LIBRARY ARCHIVES Kerala Legislative Assembly

ബേപ്പൂർ തുറമുഖത്ത് വിശ്രമകേന്ദ്രം

95 [1420] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്തെത്തുന്ന കപ്പൽ യാത്രക്കാർക്ക് വിശ്രമകേന്ദ്രം പണിയണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) വിശ്രമകേന്ദ്രം പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും പദ്ധതി ഈ വർഷം നടപ്പിലാക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് ഒരു വിശ്രമകേന്ദ്രം പണിയുന്നതിന് 30 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

ചെറുകിട തുറമുഖ വികസനം

96 [1422] *ശ്രീ. എം. മുരളി:*
„ *പി. ടി. തോമസ്:*
„ *എം. കെ. പോൾസൺ മാസ്റ്റർ:*
„ *ടി. എൻ. പ്രതാപൻ:*
„ *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ചെറുകിട തുറമുഖങ്ങളാണുള്ളത്; ഇവയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽവഴി ചരക്ക് ഗതാഗതം ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 17 ഇടത്തരം ചെറുകിട തുറമുഖങ്ങളുണ്ട്. വികസന സാദ്ധ്യതയുള്ള വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ, മുനമ്പം, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ സ്വകാര്യപങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) പരിഗണനയിലാണ്.

---

† അനുബന്ധം XIV.